
സത്യം അഹിംസ



ദർശനം
(ജയ് ജഗത്)
സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

| പുസ്തകം 46 | ലക്കം 3 | 2019 നവംബർ 30 |


# സ്മരണാഞ്ജലിയിലെ വിശേഷങ്ങൾ

എല്ലാവർക്കും നമസ്കാരം

നമ്മുടെ മനസ്സിൽ കുടികൊള്ളുന്ന വിനാശകാരികളായ ഭയവും വിദ്വേഷവും നിരാശയുമെല്ലാം ക്രമേണ കുടഞ്ഞു കളഞ്ഞ് ഹൃദയ ശുദ്ധി നേടുക. അപ്പോൾ നമ്മുടെ നേത്രങ്ങൾ പവിത്രങ്ങളാകും. ശരിയായ ദർശനം കിട്ടും. ചുറ്റും കാണുന്ന വൈവിദ്ധ്യങ്ങൾക്കുപരി അടിസ്ഥാനപരമായി നാമെല്ലാം തുല്യരാണെന്ന് ബോദ്ധ്യമുണ്ടാകും. പരസ്പര സ്നേഹത്തോടും വിശ്വാസത്തോടും സേവന മനോഭാവത്തോടും കൂടി ജീവിച്ചാൽ മാത്രമേ സന്തോഷഷകരമായ ഒരു ജീവിതം സാധ്യമാകൂ. ദർശനം മിത്രങ്ങൾ ഈ ആശയങ്ങളുടെ മാതൃകയായി സ്വയം പരിണമിക്കുകയും മറ്റുള്ളവരിൽ അത് ഊതി തെളിയിക്കുകയും ചെയ്യേണ്ടതാണെന്ന പ്രഖ്യാപനത്തോടെയായിരുന്നു പാതിരാവരെ നീണ്ട ദർശനം സ്മരണാഞ്ജലിയുടെ കണ്ടെത്തൽ.

രാവിലെ തുടങ്ങി വൈകിട്ട് പിരിയുന്ന പതിവിന് വിപരീതമായി ഈ വർഷം വൈകിട്ടായിരുന്നു യോഗം ആരംഭിച്ചത്. അതൊരു മണ്ടത്തരമായിപ്പോയി എന്ന് തെളിഞ്ഞു. ഒന്നിനും വേണ്ടത്ര സമയം കിട്ടിയില്ല. ക്രമീകരണങ്ങൾ ദർശനംമിത്രങ്ങൾ നേരത്തെ തന്നെ ചെയ്തിരുന്നു. ബാനറുകൾ കെട്ടി കസേരകൾ ഇട്ട് വേദിയൊരുക്കി. ഹംസാസാർ സ്കൂളിൽ നിന്ന് മൈക്കും

കൊണ്ടുവന്നു. അമ്പലപ്പുഴ സന്ദർശനിൽ ഒരുക്കിയിരുന്ന നിലവിളക്കിലെ തിരികൾ ശ്രീ. കമാൽ എം. മാക്കിയിൽ, ഡോ. ഹരിഹരൻ, കുര്യൻ ചേട്ടൻ, സരോജിനി ചേച്ചി, ശാന്തിനി എന്നിവർ ചേർന്ന് തെളിയിച്ചു. ആമുഖമായി മൺമറഞ്ഞ ദർശനം മിത്രങ്ങളെ അനുസ്മരിച്ച് ഡോ. ഹരിഹരൻ ആദരാഞ്ജലികൾ അർപ്പിച്ചു. പ്രത്യേകിച്ചും കുട്ടപ്പൻസാർ, മുരളീധരമേനോൻ, പങ്കജാക്ഷക്കുറുപ്പ് എന്നിവരെ. ദർശനത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് കുറുപ്പുസാർ മുമ്പെഴുതിയ ലേഖനം സീതാദേവി ഗാന്ധിസ്മാരകം, വായിച്ച് വിശദീകരിച്ചു. മഹാപരിവർത്തനം ആദ്യം സംഭവിക്കേണ്ടത് നമ്മിൽത്തന്നെയാണ്. തുടർന്ന് സമൂഹമാകെ പരിവർത്തനം സംഭവിക്കണം. അവനവന്റെ ദൗർബല്യങ്ങൾ കൂടെഉണ്ടായിരിക്കത്തന്നെ ആവും വണ്ണം സ്നേഹാദരങ്ങളോടെ പെരുമാറി തുടങ്ങുക. മറ്റുള്ളവരോട് വിനയമുള്ളവരാവാൻ ഉള്ളിൽ ആഗ്രഹിക്കുക. നമ്മുടെ പ്രവർത്തികളേക്കാൾ ശക്തി ഭാവത്തിനുണ്ട്. ഭാവം കൂടുതൽ സൂക്ഷമതലങ്ങളിൽ എത്തി അനുരണനം സൃഷ്ടിക്കും. ഒരാളെ വീട്ടിലേക്ക് സ്വീകരിച്ചിരുത്തി കുശലപ്രശ്നം ചെയ്ത് നല്ല വരിക്കചക്കപ്പഴം കൊടുത്ത് സന്തോഷിപ്പിച്ചയക്കുമ്പോൾ ഉള്ളിൽ വെറുപ്പാണ് ഭാവമെങ്കിൽ അന്യോന്യ ബന്ധം സംഭവിക്കുകയേ ഇല്ല. വീണ്ടും അദ്ദേഹം വരുമ്പോൾ നമ്മുടെ ഉള്ളിലെ വെറുപ്പ് വർദ്ധിക്കും. വീടിനകത്തും പുറത്തും അവനവനിൽ തുടങ്ങുന്ന ഒരു സാധന വേണം. അത് അവരവർ തന്നെ തുടങ്ങണം. ദർശനം വായനക്കാരിൽ ഓരോരുത്തരും നമ്മുടെ ഭൗമാന്തരീക്ഷത്തിലേയ്ക്ക് ഹൃദ്യതയുടെ തരംഗങ്ങൾ പ്രസരിപ്പിക്കുവാൻ ശ്രമമാരംഭിക്കണം.വായനയും കീർത്തനവും പ്രവർത്തനവും സകല ബാഹ്യചലനങ്ങളും പുറത്തേക്ക് വിടുന്ന ഭാവം ആർദ്രതയുടേതാവാൻ ശ്രദ്ധവയ്ക്കണം. സന്തോഷത്തിന്റേയും അൻപിന്റേയും കുളിർ തരംഗങ്ങൾ കൃഷിയിലും കച്ചവടത്തിലും യാത്രയിലും സംഭാഷണത്തിലുമെല്ലാം കലർന്നു വരുവാൻ സാധന ചെയ്ത് തുടങ്ങണം. വെറുപ്പിന്റെ വിത്തു വാരി വിതച്ചിട്ട് സ്നേഹത്തിന്റെ കതിർ കൊയ്യാമെന്ന് കരുതിയാൽ അത് സംഭവിക്കുമോ. നല്ല വിത്ത് വിതച്ചാലും കൊയ്യാൻ ചിലപ്പോൾ കഴിഞ്ഞില്ലെന്നും ഒക്കെ പതിരായിപ്പോയെന്നും വരാം. എന്നാലും വീണ്ടും വീണ്ടും നല്ല വിത്തുകൾ തന്നെ വാരിവിതയ്ക്കണം. അതെവിടെ കിട്ടും. നമ്മുടെ ഉള്ളിൽ നന്മയുടെ മഹാനിക്ഷേപം തുറക്ക

പ്പിടാതെ കിടപ്പുണ്ട്. മാനുഷിക ധ്യാനം, ജൈവാർച്ചന, തറക്കൂട്ടം തുടങ്ങിയ സംരംഭങ്ങൾ ഈ നിക്ഷേപങ്ങൾ തുറക്കാനുള്ള താക്കോ ലുകളാണ്. മറ്റുള്ളവർ തുറക്കുമോ. എന്നു നോക്കുന്നതിന് പകരം നമുക്ക് നമ്മുടെ ഉള്ളിലെ നിക്ഷേപം തുറന്നുവെയ്ക്കാം. സുഗന്ധം നാലുപാടും പരക്കട്ടെ. പ്രവഹിക്കാൻ തുടങ്ങിയാൽ അത് വറ്റാത്ത ഉറവ ആയിക്കൊള്ളും.

തുടർന്ന് ഗിരിജാശങ്കർ സന്ദർശനിലേയ്ക്ക് വന്ന ദർശനം മിത്ര ങ്ങൾക്കെല്ലാം സ്വാഗതം ഓതിക്കൊണ്ട് കുറുപ്പുസാറിന്റെ സന്ദേശ ങ്ങൾക്ക് തണ്ണീർ കൊടുത്ത് മുളപൊട്ടിക്കുവാൻ നാമോരോരുത്ത രുമാണ് പരിശ്രമിക്കേണ്ടത് എന്ന് അഭിപ്രായപ്പെട്ടു. വഴിതെറ്റി സഞ്ച രിക്കുന്ന സമൂഹത്തിന്റെ സ്വാധീനമല്ല നേർവഴി കാട്ടി സഞ്ചരിച്ചവ രുടെ സ്വാധീനമാണ് നമ്മിൽ തെളിഞ്ഞു വരേണ്ടത്. ഇപ്പോൾ നൂറോളം പേർ പങ്കെടുക്കുന്ന ഈ വേദിയിൽ കുറുപ്പുസാറിന്റെ അനുസ്മരണത്തിനായി എത്തിയിട്ടുള്ളത് പ്രിയശിഷ്യനായ കമാൽ എം. മാക്കിയിൽ ആണ്. ഇന്നീ യോഗത്തിന് വിളിച്ചപ്പോൾ വ്യാപാര സംബന്ധമായി ഗോവയ്ക്ക് പോകണമല്ലോ എന്ന് പറഞ്ഞു. എന്നാൽ അടുത്ത ദിവസം വിളിച്ച് ഗുരുനാഥന്റെ പരിപാടി ഉപേ ക്ഷിച്ച് ഞാനെങ്ങും പോകുന്നില്ല എന്നാണ് പറഞ്ഞത്. സ്കൂൾ വിദ്യാഭ്യാസ കാലത്ത് കുറുപ്പുസാറുമായി ഉണ്ടായ മധുരാനുഭവ ങ്ങളും സന്ദേശങ്ങളും പങ്കിട്ടു കൊണ്ട് ശ്രീ. കമാൽ എം. മാക്കി യിൽ ആധുനിക ലോകത്ത് ഈ ആശയങ്ങളുടെ പ്രസക്തി എടുത്തു കാട്ടി സംസാരിച്ചു. അതിലൂടെ ഈ സ്മരണാഞ്ജലിക്ക് എത്തിയവരിൽ മൈത്രീഭാവം ഉണർത്തിയെടുക്കാൻ കമാലിന് ഈ പ്രസംഗത്തിലൂടെ സാധ്യമായി. എല്ലാവരുടെയും പ്രശംസയ്ക്ക് അത് പാത്രമായി.

അടുത്ത അനുസ്മരണം ദർശനം കാരണവർ ശ്രീ. ചന്ദ്രൻ പുറക്കാടിന്റേതാണ്. അൽപ്പം ഓർമ്മക്കുറവുണ്ടെന്നാണ് പറയപ്പെ ടുന്നത്. അത് ശരിയായിരിക്കാം. എന്നാൽ ഇവിടെ ഇപ്പോൾ അദ്ദേഹം തന്റെ വാക്കുകളിലൂടെ വരച്ച കുറുപ്പുസാർ ചിത്രത്തിന് ഒരപൂർണ്ണതയും കണ്ടില്ല. ഇനി അൽപ്പം ചുക്കുകാപ്പി കുടിക്കാം. കൂട്ടിന് പഴവും കിളിപ്പിച്ച് പുഴുങ്ങിയ കപ്പലണ്ടിയുമുണ്ട്.

നേരം സന്ധ്യയാവുന്നു. നമുക്ക് അതിനു മുമ്പായി അൽപ്പം

പണിയുണ്ട്. എല്ലാവരും തെക്കേ മുറ്റത്തേയ്ക്ക് വരിക അവിടെ ഫലവൃക്ഷത്തൈകൾ നടാം. മനുഷ്യൻ പ്രകൃതിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. പ്രകൃതി ഒരു നിർജ്ജീവ ശക്തിയല്ല. അതിന് നിയമങ്ങളുണ്ട്. അതിന് അനുസരിച്ച് ജീവിച്ചാൽ പ്രകൃതി നമ്മെ സംരക്ഷിക്കും. സ്വാർത്ഥ ലാഭത്തിന് വേണ്ടി പ്രകൃതിയെ ചൂഷണം ചെയ്താൽ പ്രകൃതി ശക്തിയായി തിരിച്ചടിക്കും. നാമത് പല തവണ കണ്ടു കഴിഞ്ഞു. പ്രകൃതി ശക്തിക്ക് കഴിയാത്തതായി ഈ ലോകത്ത് ഒന്നും തന്നെയില്ല. പിന്നെയല്ലേ ഇരിക്കുന്ന കമ്പ് മുറിക്കുന്ന മനുഷ്യർ. കാടില്ലെങ്കിൽ മനുഷ്യനില്ല. മരങ്ങൾ വെച്ചു പിടിപ്പിക്കൂ എന്ന് ആഹ്വാനം ചെയ്യുന്ന ശ്രീ. വിദ്യാധരൻ സാർ നമ്മോടൊപ്പമുണ്ട്. വനമിത്ര അവാർഡ് ലഭിച്ച അദ്ദേഹത്തിന്റെ ക്ലാസ്സോടു കൂടിയാണ് ഫലവൃക്ഷത്തൈകൾ നട്ടത്. ഇതിവിടെ നട്ടെങ്കിലും ജലസേചനം നടത്തേണ്ടത് ഇവിടെ മാത്രമല്ല അവരവരുടെ മനസ്സിലും കൂടിയാണ്. ശ്രീമതി. വിമലകുമാരി, ഡോ. പത്മകുമാർ, കുര്യൻ ചേട്ടൻ, ഡോ. ഗോപാലകൃഷ്ണൻ തുടങ്ങിയവർ ചേർന്ന് തൈകൾ നട്ട് വെള്ളമൊഴിച്ചു.

വരൂ നമുക്കിനി യോഗം തുടരാം. ചർച്ചയ്ക്കായി പ്രവർത്തകർ നോട്ടീസ് വിതരണം ചെയ്തു. നിത്യജീവിതവുമായി ദർശനത്തെ ബന്ധിപ്പിക്കുന്ന വഴികൾ കണ്ടുപിടിച്ചു പ്രാവർത്തികമാക്കുവാനാണ് ഈ കൂടിച്ചേരൽ. വീട്ടുകാര്യം തന്നെ നോക്കിക്കൊണ്ടിരുന്നാൽ വീടും നാടും രക്ഷ പ്രാപിക്കുകയില്ല. മറ്റുള്ളവരെ കൂടി പരിഗണിക്കുമ്പോഴാണ് നാമൊരു മാനവ സമൂഹമായി രൂപം പ്രാപിക്കുന്നത്. ശാന്തിയോടും സമാധാനത്തോടുംകൂടി നമുക്കും നമ്മുടെ വരും തലമുറകൾക്കും ഈ ഭൂമിയിൽ സന്തോഷമായി ജീവിക്കണം. അതിന് എന്ത് ചെയ്യുവാൻ കഴിയും എന്നുള്ളതാണ് നമ്മുടെ ചർച്ചാ വിഷയം. പുഴയിൽ ഒന്നിറങ്ങി നീന്തിക്കുളിച്ചാൽ നല്ല ഉത്സാഹവും ദേഹശുദ്ധിയും കിട്ടും. അതുപോലെ മാനുഷികധ്യാനം ചെയ്തു ശീലിച്ചാൽ നല്ല മനഃശുദ്ധിയും കാരുണ്യവും ഉണ്ടാകും. കാരുണ്യമുള്ള മനസ്സിൽ ശാന്തിയും മനസ്സമാധാനവും നിറയും.

പരിചയപ്പെട്ടും അഭിപ്രായങ്ങൾ പങ്കുവെച്ചും യോഗ നടപടികൾ തുടർന്നു. കോട്ടയം, കഞ്ഞിപ്പാടം, പുന്നപ്ര, എന്നിവിടങ്ങ

ളിൽ നിന്ന് വന്നവരും ദർശനം പ്രവർത്തകരും സമയക്കുറവായ തിനാൽ കൂട്ടായി വന്നാണ് പരിചയപ്പെട്ടത്. ദർശനത്തെക്കുറിച്ച് സമ ഗ്രമായ ഒരു വ്യക്തത കൊടുത്തു കൊണ്ടായിരിന്നു ഡോ. അമ്പല പ്പുഴ ഗോപകുമാറിന്റെ പ്രഭാഷണം. തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജുനൈദ് മെമ്പർമാരായ യു.എം. കബീർ, എ.ആർ കണ്ണൻ തുടങ്ങിയവർ കുറുപ്പുസാറിന്റെ ദർശനങ്ങൾ ഞങ്ങൾക്കെല്ലാം മാർഗ്ഗദീപമായിരുന്നു എന്ന് അഭിപ്രായപ്പെട്ടു. ഗീതാസാരസാക്ഷൻ, ഡോ. എൻ.എൻ പണിക്കർ, സി. രാധാകൃ ഷ്ണൻ, ഡോ. പത്മകുമാർ, വിമലചേച്ചി, സരോജിനി ചേച്ചി തുട ങ്ങിവരും സാമൂഹ്യ മാറ്റത്തിന് കുറുപ്പുസാർ സ്വീകരിച്ച സ്വയം പരി വർത്തന ശൈലിയെ അനുമോദിച്ചു സംസാരിച്ചു. ഇടവേളകളിൽ സരളചേച്ചിയുണ്ടാക്കി കൊണ്ടുവന്ന പോഷകസമൃദ്ധമായ ഗ്രനോള വിതരണം ചെയ്തു. യോഗം അതിന്റെ പരിസമാപ്തിയിൽ എത്തി യില്ലെങ്കിലും മാനുഷിക ധ്യാനത്തിന് നേരമായി. ശ്രീ. അജിത്ത് കുമാറാണ് മാനുഷിക ധ്യാനം അവതരിപ്പിച്ചത്. മനുഷ്യനും പ്രകൃ തിയും സർവ്വ ജീവജാലങ്ങളും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടി രിക്കുന്നു. മനസ്സിനെ സാവധാനം കൈപിടിച്ചുയർത്തി വീട്ടിലുള്ള വരെയും അയൽക്കാരെയും സ്നേഹിക്കുന്ന തലത്തിലേയ്ക്ക് കൊണ്ടുവന്ന് ശുഭചിന്തകളാൽ പൂരിതമാക്കി നാടും നഗരവും കടന്ന് ഭൂമിയാകെ വ്യാപിക്കട്ടെ. ഇവിടെയുള്ളവരെല്ലാം എന്റെ ബന്ധുക്ക ളാണ്. സർവ്വ ചരാചരങ്ങളെയും ഞാൻ സ്നേഹിക്കുന്നു. ഇപ്പോൾ ഭൂമിയെന്ന ഈ വാഹനത്തിൽ ഒന്നിച്ചു യാത്ര ചെയ്യുന്നവരാണ് നാം. നമ്മുടെ കൊച്ചു മനസ്സിനെ വികസിപ്പിച്ച് ഈ മഹാപ്രപഞ്ചവും അതിലൊരു കണികയായ നമ്മളും ഒരേ ചൈതന്യ നൂലിനാൽ കോർത്തിണക്കിയതാണെന്ന ബോധത്തിൽ ശാന്തമായിരിക്കുക. ലോകത്ത് ശാന്തിയും സമാധാനവും പുലരട്ടെ അതിനായി യഥാ ശക്തി ഞാൻ പ്രവർത്തിക്കും. സാവധാനം കണ്ണു തുറക്കുക എന്ന നിർദ്ദേശത്തോടെ അജിത് മാനുഷിക ധ്യാനം സമാപിപ്പിച്ചു.

സമയം രാത്രി 9 മണി. നല്ല വിശപ്പായി കാണും വരൂ കഞ്ഞി കുടിക്കാം. കഞ്ഞിപ്പാടത്തു നിന്നും മോഹനനും ഓമനയും ഇവിടെ വന്ന് കഞ്ഞിയും പുഴുക്കും തയ്യാറാക്കിയിട്ടുണ്ട്. ലത മാങ്ങാക്ക റിയും കൊണ്ടുവന്നു. സന്ദർശനിലെ വിശാലമായ താഴത്തെ

ഹാളിൽ ഉരുളികളിൽ കഞ്ഞിയും പുഴുക്കും കൊണ്ടുവന്നു വെച്ചു. സ്നേഹത്തോടെ പരസ്പരം വിളമ്പിക്കൊടുത്ത് കഴിക്കുന്നതു കണ്ട് സൂക്ഷ്മരൂപിയായ അച്ഛന് തൃപ്തിയായി കാണും. ഭക്ഷണം കഴിഞ്ഞ് യോഗം തുടർന്നു. കുറേപ്പേർ വീടുകളിലേയ്ക്കും പോയി.

വിജയ്നാഥ് സാറിന്റെ ചിരിയോഗയോടു കൂടിയാണ് രാത്രിയിലെ കൂട്ടായ്മ ആരംഭിച്ചത്. പങ്കെടുത്തവരെല്ലാം ചിരിയോഗ ആസ്വദിച്ച് നിറഞ്ഞാടി. മനസ്സിന്റെ ടെൻഷനെല്ലാം കളഞ്ഞ് മൈത്രീഭാവന വിടർത്താൻ ചിരിയോഗ സഹായിക്കും. കുട്ടികളുടെ പാട്ടും കലാപരിപാടികളും കഴിഞ്ഞ് ആഴത്തിലുള്ള ചർച്ച ആരംഭിച്ചു. പ്രവർത്തകർ വട്ടം കൂടിയിരുന്നു. നമ്മുടെ ആദർശങ്ങളെല്ലാം ശ്രേഷ്ഠം തന്നെയെന്ന കാര്യം സർവ്വസമ്മതമായി അംഗീകരിച്ചു. അതുകൊണ്ടായില്ലല്ലോ. നമ്മിലും സമൂഹത്തിലും മാറ്റം വരുത്താതെ വെറുതെ ഒരു ആശയം പറഞ്ഞുകൊണ്ടിരുന്നാൽ അത് നിലനിൽക്കുകയില്ല അതിനനുസരിച്ച് ജീവിക്കണം. സ്കൂൾ വിദ്യാർത്ഥികൾക്ക് ഈ സന്ദേശം പകരുവാനായി എൻ.എസ് എസിൽ കൂടി പ്രവർത്തിക്കണം എന്ന് അതിന്റെ കോ- ഓർഡിനേറ്റർ കൂടിയായ പ്രൊഫസർ രമേഷ് കുമാർ അഭിപ്രായപ്പെട്ടു. അദ്ദേഹം കായംകുളത്തുനിന്നും സൈക്കിളിൽ ആണ് ഇവിടെ ഭൂമിക്കാരൻ നഗറിൽ എത്തിയത്. നിധി പത്തായത്തിൽ വെച്ചിട്ട് ഭിക്ഷാടനം നടത്തണോ? നിത്യവും രാവിലെ മാനുഷിക ധ്യാനം ചെയ്യുക എങ്കിൽ ബാക്കിയെല്ലാം പുറകെ വരും. മനസ്സ് നമ്മുടെയാണ്. നാം മനസ്സിന്റെ ആധീനതയിൽ ആകരുത്. താളം തെറ്റിയിരിക്കുന്നുവെന്ന് കുറുപ്പുസാർ കണ്ടെത്തിയ ഈ ലോകത്തിന്റെ താളലയം വീണ്ടെടുക്കുവാൻ നാം ഓരോരുത്തരും പരിശ്രമിക്കണം. ധ്യാനം കൊണ്ട് നവീകരിച്ച ചിന്തയും ജൈവാർച്ചനയിലൂടെയുള്ള കർമ്മവും സമന്വയിക്കുമ്പോൾ കിട്ടുന്ന ആത്മവിശ്വാസത്തോടെ പ്രശ്നങ്ങളെ നേരിടുക. സമസ്ത ലോകത്തിനും മംഗളം ഭവിക്കട്ടെ എന്നതായിരിക്കണം നമ്മുടെ മനോഭാവം. നല്ല സ്വപ്നങ്ങൾ കാണുക. വൈവിധ്യങ്ങളെയെല്ലാം ഉൾക്കൊള്ളുക അത് പ്രകൃതി നിയമമാണ്. ജീവജാലങ്ങളെല്ലാം വൈവിധ്യങ്ങൾ അംഗീകരിച്ച് സ്വസ്ഥമായി കഴിയുന്നു. മനുഷ്യൻ മാത്രമാണ് സങ്കുചിതമായ അവന്റെ നേത്രങ്ങളിലൂടെ ലോകത്തെ നോക്കി ഇവിടെ കലഹങ്ങൾ സൃഷ്ടിക്കുന്നത്. മാനസിക നില കുറച്ചു കൂടി ഒന്ന് ഉയരട്ടെ. ഗുണദോഷങ്ങൾ

നോക്കേണ്ടതില്ല. എല്ലാവരേയും സ്നേഹിക്കുക. അല്ലെങ്കിൽ എന്ത് ഈ കൂട്ടായ്മയാൽ ഫലം. ക്ഷുദ്രം ഹൃദയ ദൗർബല്യം. അതൊന്ന് കുടഞ്ഞു കളയുക മിത്രമേ. പിന്നെ ആദ്യം വീട്ടിലും അയൽപക്കത്തും നാട്ടിലും ഏറ്റവും അടുത്തിടപഴകുന്നവരോടെല്ലാം സ്നേഹത്തോടും ആദരവോടും പെരുമാറി ശീലിക്കുക. ക്രമേണ വിശ്വാത്മ ബോധം ഉണ്ടായി വരും. ജയ് ജഗത്....

## അണിയറ

രണ്ടു മണിയോടെ എല്ലാവരും കിടന്നുറങ്ങി. ആറു മണിക്കുണർന്ന് മാനുഷിക ധ്യാനം നടത്തി. ചുക്കു കാപ്പിയും കുടിച്ച് യോഗം പിരിഞ്ഞു. ഡോ. എൻ.എൻ പണിക്കർ സാറും സരളചേച്ചിയും ക്ഷേത്ര ദർശനം കൂടി കഴിഞ്ഞാണ് തിരുവനന്തപുരത്തേയ്ക്ക് പോയത്. സ്മരാണാഞ്ജലിയുടെ പ്രാഥമിക ജോലികൾ അഷറഫ്, ഹംസാ സാർ, സുധീർ, വേണു എൽ.ഐ.സി, ഡോ. ഗോപാലകൃഷ്ണൻ, ഡോ. പത്മകുമാർ, സതീശ് ചന്ദ്രൻ എന്നിവർ ചേർന്ന് ചെയ്തു. കളം തൂത്തുവാരിയതും അവർ തന്നെ. പങ്കെടുത്തവർക്കെല്ലാം ദർശനത്തിന്റെ അഭിവാദ്യങ്ങൾ. എല്ലാവർക്കും ശാന്തിയും സമാധാനവും ലഭിക്കട്ടെ.

## നൊമ്പരങ്ങൾ

ഈ വിവരണം അവസാനിക്കും മുമ്പ് ചില സത്യങ്ങൾ കൂടി എഴുതണം. മാനിഷിക ധ്യാനം നടക്കുന്ന വേളയിൽ നമ്മുടെ മന്ത്രി ജി. സുധാകരൻ വേദിയിലെത്തി. അദ്ദേഹത്തെ ഒന്ന് സ്വീകരിക്കുവാനോ രണ്ട് വാക്ക് കേൾക്കുവാനോ ആർക്കും കഴിഞ്ഞില്ല. ധ്യാനത്തിന് കണ്ണടച്ചിരുന്നതിനാൽ വന്നതറിഞ്ഞില്ല. അദ്ദേഹം ധ്യാനിക്കുന്നവരെ കണ്ട് അൽപ്പ സമയം ഇരുന്ന ശേഷം ധ്യാനത്തിന് ഭംഗം വരുത്തേണ്ട മറ്റൊരു പരിപാടി കൂടിയുണ്ട് എന്നു ഗിരിജനോട് പറഞ്ഞ് യാത്രയായി. മന്ത്രി വരുന്നതിന് അര മണിക്കൂർ മുമ്പ് നമ്മളെ അറിയിക്കണമെന്ന് അദ്ദേഹത്തിന്റെ സെക്രട്ടറിയെ പറഞ്ഞ് ഏൽപ്പിച്ചിരുന്നു. മറുപടി കിട്ടാഞ്ഞതിനാലാണ് ഈ അബദ്ധം സംഭവിച്ചത്. അതിൽ ഖേദിക്കുന്നു ക്ഷമ ചോദിക്കുന്നു. എന്ത് കർമ്മം ഏറ്റെടുത്തു ചെയ്യുമ്പോഴും അബദ്ധങ്ങൾ സംഭവിക്കാതിരിക്കാൻ എല്ലാ പഴുതുകളും ശ്രദ്ധാപൂർവ്വം അടച്ചിരിക്കണം അതുണ്ടായില്ല.

സമയം കുറവായതിനാൽ പരിചയപ്പെടലും ചർച്ചയും പൂർണ്ണത യിലെത്തിയില്ല. എന്തിന് കൂടുതലായി പറയുന്നു. സ്മരണാഞ്ജ ലിയുടെ കമന്ററി പോലും യഥാസമയം എഴുതാൻ കഴിഞ്ഞില്ല. ഒരു വിധം ഇപ്പോൾ എഴുതി തീർത്തു എന്നു മാത്രം. മുൻവർഷങ്ങളിലെ പോലെ ഒരു തൃപ്തി ലഭിച്ചില്ല. പണം കൂടുതൽ ലഭിച്ചു. ദർശനവും കലണ്ടറും വായനക്കാർ മുമ്പാകെ സമർപ്പിക്കുന്നു. താത്പര്യമു ള്ളവർ ദർശനത്തിന് ചുക്കാൻ പിടിച്ചാൽ കുറേക്കൂടി മെച്ചമായി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകാൻ കഴിയും. നീ ഇത്ര വലിയ ഒരു സംരംഭത്തിന് അശക്തനാണെന്ന് ഉള്ളിൽ നിന്നും പറ യുന്നത് ഞാൻ കേൾക്കുന്നു.

# സാർവ്വജനീന മതം– സ്വാമിവിവേകാനന്ദൻ

ഞാനൊരു വൃദ്ധന്റെ ശിഷ്യനാവാൻ സംഗതിയായി. അവിടുന്ന് ഒരസാധാരണമട്ടുകാരനായിരുന്നു. അവിടുന്നു മേധാപരമായ പാണ്ഡിത്യം തേടിയില്ല; പുസ്തകങ്ങൾ പഠിച്ചില്ല. എന്നാൽ ബാല നായിരിക്കുമ്പോൾത്തന്നെ സത്യത്തെ നേരിട്ടു ദർശിക്കുവാനുള്ള ഉഗ്രാഭിലാഷം അവിടുത്തെ ഗ്രസിച്ചു. ആദ്യം തന്റെ സ്വന്തമതം പഠിച്ചു പരീക്ഷിച്ചു പിന്നീട്, മറ്റു മതങ്ങളിലെ സത്യം അറിയണ മെന്ന ആഗ്രഹമായി. ഈ വിചാരത്താൽ പ്രേരിതനായി അവിടുന്ന് ഒന്നിനു പിറകെ ഒന്നായി എല്ലാ മതവിഭാഗങ്ങളുടെയും കൂടെ ചേർന്നു. ഓരോ വിഭാഗവുമായി സഹവസിച്ചിരുന്ന് ഏതാനും നാള ത്തേയ്ക്ക് ഉപാസകന്മാർ പറഞ്ഞതുപോലൊക്കെ അക്ഷരംപ്രതി അനുഷ്ഠിച്ചു. ഓരോ വിഭാഗത്തിന്റെയും ആദർശവിശേഷം തന്റെ ജീവിതവുമായി സാത്മ്യം പ്രാപിക്കും വരെ അതു തുടർന്നു. ഒരു വിഭാഗവുമായി ഏതാനും വത്സരങ്ങൾ കഴിച്ചിട്ട്, പിന്നീട് മറ്റൊരു വിഭാഗത്തെ സമീപിക്കും. ഈ പരീക്ഷണങ്ങളിൽക്കൂടെയെല്ലാം കടന്നു പോയതിനു ശേഷം, ആ വിവിധ മതസമ്പ്രദായങ്ങളെല്ലാം നല്ലതു തന്നെ എന്ന നിഗമനത്തിലാണ് അവിടുന്നെത്തിച്ചേർന്നത്. ഒന്നിനെക്കുറിച്ചും കുറ്റമായി ഒന്നും അവിടുത്തേയ്ക്ക് പറയാനു ണ്ടായില്ല. എല്ലാം ഒരേ ലക്ഷ്യത്തിലേയ്ക്ക് നയിക്കുന്ന പല വഴിക ളാണെന്ന് അവിടുത്തേയ്ക്ക് ബോദ്ധ്യപ്പെട്ടു. അനന്തരം അവിടുന്നു പറഞ്ഞു : ഇത്ര വളരെ വഴികൾ ഉണ്ടായിരിക്കുന്നതു മംഗളകര മായ വസ്തുത തന്നെ. എന്തെന്നാൽ ഒരു മാർഗ്ഗമേ ഉണ്ടായിരുന്നു

ള്ളുവെങ്കിൽ, ഒരു പക്ഷേ ഒരു വ്യക്തിക്കു മാത്രമേ അതു യോജിച്ചുള്ളൂ എന്നു വരാം. മാർഗ്ഗങ്ങൾ എത്രകണ്ടു കൂടുന്നുവോ അത്രകണ്ട് സത്യം കണ്ടെത്തുവാനുള്ള സാദ്ധ്യതയും എല്ലാവർക്കും സുലഭമാകുന്നു. ഒരു ഭാഷയിൽ കൂടി പഠിക്കാൻ പ്രയാസമാണെന്നു കണ്ടാൽ എനിക്കു മറ്റൊന്നു പരീക്ഷിക്കാമല്ലോ! അങ്ങനെ എല്ലാ മതങ്ങളെയും അവിടുന്ന് ആശിർവദിച്ചു.

ഞാൻ പ്രസംഗിക്കുന്ന എല്ലാ ആശയങ്ങളും അവിടുത്തെ ആശയങ്ങളെ പ്രതിധ്വനിപ്പിക്കുവാനുള്ള ഒരു ശ്രമം മാത്രമാണ്. ഞാൻ പറയുന്നതിൽ ദുഷ്ടമായ വല്ലതുമുണ്ടെങ്കിൽ അവയൊഴിച്ച്, സത്യത്തിൽ നിന്നു വ്യതിചലിച്ചതോ തിന്മ കലർന്നതോ ആയവയൊഴിച്ച്, ഞാൻ പ്രകാശിപ്പിക്കുന്ന ആശയങ്ങളൊന്നും എന്റെ സ്വന്തമല്ല. സത്യയുക്തവും സദ്ഫലവാഹിയുമായി ഞാൻ ഉച്ചരിച്ചിട്ടുള്ള ഓരോവാക്കും അവിടുത്തെ ശബ്ദത്തെ പ്രതിധ്വനിപ്പിക്കുവാൻ ചെയ്യുന്ന ഒരു ശ്രമം മാത്രമാണ്. പ്രൊഫ. മാക്സ്മുള്ളർ എഴുതിയിട്ടുള്ള അവിടുത്തെ ചരിത്രം ഒന്ന് വായിച്ചു നോക്കുക.

അങ്ങനെ അവിടുത്തെ കാല്ക്കലിരുന്ന് ഞാൻ ഈ ആശയങ്ങൾ രൂപവത്ക്കരിച്ചു. അന്ന്, എന്നോടൊപ്പമുണ്ടായിരുന്ന മറ്റ് ഏതാനും ചെറുപ്പക്കാരെപ്പോലെ, ഞാൻ വെറും ഒരു കുട്ടിയായിരുന്നു. ഏതാണ്ട് പതിനാറു വയസ്സുള്ളപ്പോഴാണ് ഞാൻ അവിടുത്തെ കാണാൻ ചെന്നത്. മറ്റു ചിലർക്ക് അതിലും പ്രായം കുറവായിരുന്നു. എന്നെക്കാൾ അല്പം പ്രായം കൂടിയവരും ചിലരുണ്ടായിരുന്നു ആകപ്പാടെ ഒരു ഡസനിൽപ്പരം പേർ. ഈ ആദർശങ്ങൾ എല്ലായിടത്തും പ്രചരിപ്പിക്കേണ്ടതാണെന്ന് ഞങ്ങൾ ഒരുമിച്ചു നിശ്ചയിച്ചു. പ്രചരിപ്പിച്ചാൽ മാത്രം പോരാ പ്രയോഗത്തിൽ കൊണ്ടുവരേണ്ടതാണെന്നും നിശ്ചയിച്ചു - അതായത്, ഹിന്ദുക്കളുടെ അദ്ധ്യാത്മനിഷ്ഠയും ബൗദ്ധന്മാരുടെ ഭൂതദയയും ക്രിസ്ത്യാനികളുടെ കർമ്മകുശലതയും മുഹമ്മദീയരുടെ സാഹോദര്യവും സ്വന്തം ജീവിതത്തിൽ പ്രായോഗികമാക്കി കാണിക്കണമെന്ന്. "ഒരു സാർവജനീനമതം നമുക്ക് ഇപ്പോൾ ഇവിടെവെച്ചു തുടങ്ങണം, അതു നീട്ടിവെയ്ക്കാൻ പാടില്ല" എന്ന് ഞങ്ങൾ തീർച്ചപ്പെടുത്തി

(വിവേകാനന്ദ സാഹിത്യ സർവ്വസ്വം ഭാഗം 3 പേജ് 521-522)

# ഡോക്ടർ ഷൺമുഖൻ ഓർമ്മയായി

**ഡോ. അമ്പലപ്പുഴ ഗോപകുമാർ, ഗോവർദ്ധനം**

ഓരോ ദിവസം കഴിയുന്തോറും ഇലകൾ കൊഴിയുമ്പോഴും പൂക്കൾ അടരുമ്പോഴും ഒരു ഭാവഭേദവുമില്ലാതെ പ്രകൃതി അതിന്റെ വഴിക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു. ആർക്ക് എന്ത് സംഭവിച്ചാലും ആർക്കും ഒന്നുമില്ലാ എന്ന മട്ടിൽ മനുഷ്യരും അല്പം വിസ്മരിച്ച് അവരവരുടേതായ ചര്യാക്രമങ്ങളിൽ തിരക്ക് പിടിച്ച് പരക്കം പായുന്നു. ഓർത്തു നോക്കിയാൽ എല്ലാം ഒരു അത്ഭുത പ്രതിഭാസം

ആ പ്രതിഭാസത്തിനിടയിൽ ചില ബന്ധങ്ങൾ കുറേ കാലത്തേക്കെങ്കിലും ചില മനസ്സുകളിൽ ഉടക്കി നിൽക്കുന്നു. അത് എന്തുകൊണ്ടെന്ന് വിശദീകരിക്കുവാനാവില്ല. സമൂഹത്തിന് വേണ്ടി ജീവിച്ച, സഹാനുഭൂതിയും സ്നേഹകാരുണ്യങ്ങളും നിലനിന്നുകാണാനാഗ്രഹിച്ച, ധർമ്മ നീതിയും സത്യവും പരിരക്ഷിക്കപ്പെടണം എന്ന് മോഹിച്ച കുറേപ്പേരെ എങ്കിലും നാം ഇന്നും എന്നും ഓർമ്മിക്കുന്നു. മഹാത്മാഗാന്ധിയെ നമുക്ക് മറക്കാനാകുമോ? പങ്കജാക്ഷക്കുറുപ്പു സാറിനെക്കുറിച്ച് ഓർക്കാതിരിക്കാനാകുമോ? രണ്ട് പേര് പറഞ്ഞന്നേ ഉള്ളു അങ്ങനെ എത്രയോ എത്രയോ പേർ. മഹത്തുക്കളും മഹത്വം തിരിച്ചറിയപ്പെടാതെ പോയവരും മഹത്വത്തിലേക്ക് നടന്നു നീങ്ങിയവരും മഹത്വത്തിന് വേണ്ട മനുഷ്യത്വം കെടാതെ സൂക്ഷിച്ചവരും ഒക്കെ ആക്കൂട്ടത്തിൽ ഉണ്ട്. ആ നിരയിൽ ഇങ്ങേ അറ്റത്താണ് സ്ഥാനമെങ്കിലും വ്യക്തിപരമായി എന്റെ മനസ്സിൽ ഇടം പിടിച്ചിട്ടുള്ള പ്രിയ മിത്രമായിരുന്നു ഡോ. ഷൺമുഖൻ. തോട്ടപ്പള്ളിക്കാരൻ ആണെങ്കിലും അയ്യൻകോയിക്കലായിരുന്നു താമസം. കേരള ഗവ. മെഡിക്കൽ ഓഫീസർ ആയി പലയിടങ്ങളിലും സേവനം അനുഷ്ഠിച്ചിട്ടുള്ള ഒരു മാതൃകാ ഡോക്ടർ. ഒരു അപകടത്തെതുടർന്ന് ശയ്യാവലംബിയായ അദ്ദേഹം അടുത്തയിടെ ഈ ലോകത്തോടു വിടപറഞ്ഞു. ആ വേർപാട് എന്തുകൊണ്ടോ ഉളളിൽ ഉളവാക്കിയ മുറിപ്പാട് അത്രപെട്ടെന്ന് കരിയുമെന്നു തോന്നുന്നില്ല. കാരണം ഡോ.ഷൺമുഖനുമായി ഉണ്ടായിരുന്ന സൗഹൃദത്തിന്റെ സൗരഭം എനിക്കുചുറ്റും ഇപ്പോഴും പരിമളം ചൊരിഞ്ഞു നിൽക്കുന്നു.

ദർശന വേദികളിൽ പങ്കജാക്ഷകുറുപ്പു സാറിന്റെ കർമ്മ വീഥികളിൽ പലപ്പോഴും ഒത്തുചേർന്നിരുന്ന ഷൺമുഖൻ ഡോക്ടർ

സൗമ്യവും ശാന്തവും സ്നേഹമസൃണവുമായ ഒരു ഹൃദയത്തിന്റെ ഉടമയായിരുന്നു. വിദ്യാർത്ഥിയായിരുന്ന കാലംതൊട്ടുള്ള ബന്ധമാണ്. എന്നെക്കാൾ രണ്ടുമൂന്ന് വർഷം സീനിയർ ആയിരുന്നെങ്കിലും സ്കൂളിലെ പല കാര്യങ്ങളിലും സജീവമായി ഇടപ്പെട്ടിരുന്ന ഷൺമുഖനും ഞാനും തമ്മിൽ വളരെ അടുത്ത സൗഹൃദമാണ് പുലർത്തിയിരുന്നത്. കലാ-സാഹിത്യ രംഗങ്ങളിലും, കായിക മത്സരങ്ങളിൽ അദ്ദേഹവും ഞാനും ഒന്നിച്ചും പങ്കെടുത്തിട്ടുണ്ട്. സമാന ഹൃദയത്തോടെയാണ് ഞങ്ങൾ പ്രവർത്തിച്ചിരുന്നത്. വളരെ അടക്കവും ഒതുക്കവുള്ള പ്രകൃതം, മിതഭാഷണം, നറും പുഞ്ചിരി, ആദർശ നിഷ്ടയോടെയുള്ള ജീവിത ശൈലി ഇതെല്ലാം വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ ഷൺമുഖന്റെ സ്വഭാവ വിശേഷങ്ങളായിരുന്നു. പിൽക്കാലത്ത് എം.ബി.ബി.എസ് പാസ്സായി സർക്കാർ സർവ്വീസിൽ പ്രവേശിച്ചു. രോഗികളോടു കാരുണ്യത്തോടെ സംസാരിക്കുവാനും ചികിത്സ നൽകുവാനും കഴിഞ്ഞ അദ്ദേഹത്തെകുറിച്ച് എല്ലാവർക്കും നല്ലതേ പറയാനുണ്ടായിരുന്നുള്ളു. ഉള്ളിലുള്ള നന്മ വാക്കിലും നോക്കിലും പ്രവർത്തിയിലും പ്രകാശിപ്പിച്ചിരുന്നഅദ്ദേഹം അതൊന്നും ആരെയും ബോധ്യപ്പെടുത്തുവാൻ ആഗ്രഹിച്ചിരുന്നില്ല. ആ ആത്മാർത്ഥതയും നിഷ്കളങ്കത്വവും ഇന്ന് അധികം പേരിൽ കാണത്തതുകൊണ്ടാണ് ഇങ്ങനെ എഴുതണമെന്ന് വിചാരിച്ചതുതന്നെ. ഇനി എന്തെല്ലാം പറഞ്ഞാലും ആര് കേൾക്കാൻ എങ്കിലും പറയാതെ വയ്യ.

ഷൺമുഖൻ ഡോക്ടറുടെ കുടുംബത്തിന്റെ നഷ്ടം ആ കുടുംബത്തിന്റെ ദുഃഖം ഒക്കെ ഏറെക്കുറേ അറിയുന്ന കുറേ പേരെങ്കിലും ഉണ്ട് ആർക്കും ആരെയും ആശ്വസിപ്പിക്കുവാനാവുകയില്ല. അദ്ദേഹം അയൽക്കൂട്ട ബന്ധുവെന്ന നിലയിൽ ദർശനം വേദികളിൽ വന്ന് സംസാരിച്ചിട്ടുള്ളത് ഓർമ്മയിലുണ്ട്. ആ ഓർമ്മകൾക്ക് മരണമില്ല. ഈ സന്ദർഭത്തിൽ, ആ പ്രിയമിത്രത്തിന്റെ വേർപാടിൽ അർപ്പിക്കുന്ന കണ്ണീർപ്രണാമമായി ഇത് കാണുക.

ഡോക്ടറുടെ കുടുംബത്തെ ദർശനം കുടുംബത്തിന്റെ സ്നേഹ സങ്കടങ്ങൾ അറിയിക്കുന്നതോടൊപ്പം എല്ലാം നേരിടുവാനും എല്ലാത്തിനേയും അതിജീവിക്കുവാനുള്ള ആത്മശക്തി ജഗദീശ്വരൻ തന്നെ എല്ലാവർക്കും നൽകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഓം ശാന്തി.

# മഹാഭാരത വചനങ്ങൾ

**സനൽകുമാർ/9846010895**

1. ദൈവദോഷമുള്ളവർ ദൈവത്തെ തന്നെ ആശ്രയിക്കണം.
2. സിംഹം ഉണരുന്നതുവരെയേ നായ്ക്കൾക്കു കുരയ്ക്കുവാനാകൂ.
3. ധർമ്മമാണ് പരമോത്കൃഷ്ഠമായത്. നാം ധർമ്മത്തെ രക്ഷിച്ചാൽ അത് നമ്മെയും രക്ഷിക്കും.
4. നിസ്വാർത്ഥരായ സജ്ജനങ്ങൾക്ക് ഒരിക്കലും പ്രതികാര ബുദ്ധി ഉണ്ടാവുകയില്ല.
5. ദുഷ്പ്രവൃത്തി കൊണ്ട് നേടിയ ലക്ഷ്മി വേഗം നശിച്ചു പോകും. സന്മാർഗ്ഗത്തിലൂടെ നേടിയ ശ്രേയസ്സ് പുത്രപൗത്രന്മാർക്ക് അനുഭവയോഗ്യമാകും.
6. സ്വർണ്ണമാൻ ഉണ്ടാവുക എന്നത് അസംഭവ്യമാണെങ്കിലും സീത അതിൽ ഭ്രമിച്ചു. ആപത്തടുക്കുമ്പോൾ മനുഷ്യന്റെ ബുദ്ധിയൊക്കെ മാറിപ്പോകും.
7. ധർമ്മത്തിൽ ഉറച്ചു നിൽക്കുന്നവർക്ക് എപ്പോഴും ഈശ്വരസഹായം ലഭ്യമാണ്.
8. വിനാശമടുത്ത് ബുദ്ധി നശിക്കുമ്പോൾ അവൻ കാണുന്നതെല്ലാം വിപരീതമായിരിക്കും. വിനാശത്തിന്റെ വക്കത്തെത്തിയവൻ അതെല്ലാമാണ് ഇഷ്ടപ്പെടുന്നത്.
9. മനോദുഃഖം ശരീരാസ്വാസ്ഥ്യങ്ങൾക്ക് കാരണമാകും. ജ്ഞാനം കൊണ്ടു മനസ്സിലെ ദുഃഖം നശിപ്പിച്ചാൽ ശരീരം സ്വസ്ഥമാകും.
10. അധർമ്മത്തിൽ മനസ്സു വെയ്ക്കുന്ന ഒരാൾക്ക് ഒരിക്കലും മനഃശാന്തി ഉണ്ടാവുകയില്ല.
11. ആർത്തന്നു കിടക്കാൻ പായയും, നിന്നു ക്ഷീണിച്ചവന് ഇരിപ്പിടവും, ദാഹിച്ചവന് വെള്ളവും. വിശക്കുന്നവന് ഭക്ഷണവും നൽകുന്നതാണ് സനാതനധർമ്മം.
12. അധർമത്തിൽ ചരിക്കുവാനും ഘോരപാപങ്ങൾ ചെയ്യുവാനും പ്രേരിപ്പിക്കുന്നത് തൃഷ്ണയാണ്.
13. മക്കളെല്ലാവരും സമർത്ഥരെങ്കിലും ദുഃഖിതരായ മക്കളോടാണ് കൂടുതൽ കനിവുണ്ടാകേണ്ടത്.
14. മനുഷ്യനുണ്ടാകുന്ന എല്ലാ ദുരിതങ്ങളുടെയും നാശത്തിന്റെയും ഉത്ഭവം ക്രോധത്തിൽ നിന്നാണ്.
15. അജ്ഞാനികളായ മൂഢന്മാർ മാത്രമേ ധർമ്മത്തെയും വിധി

യേയും അപലപിക്കൂ.

16. രാജ്യം, കീർത്തി, പുത്രന്മാർ, ധനം ഇവയൊന്നും സത്യത്തിന്റെ ഒരംശത്തോളം വിലപ്പെട്ടതല്ല.
17. ശരീര ശുദ്ധി മാനുഷികവും ഹൃദയ ശുദ്ധി ദൈവീകവുമാണ്.
18. ഹിംസ ചെയ്യുന്നവനും ശരണാഗതരെ ഉപേക്ഷിക്കുന്നവനും തുല്യ പാപികളാണ്.
19. ധർമ്മാധർമ്മങ്ങൾ ചിന്തിക്കാതെ പാപത്തിൽ മനസ്സു വെയ്ക്കുന്നവൻ പാപകർമ്മഫലം തീർച്ചയായും അനുഭവിക്കും.
20. പുത്രന്മാരെ ജനിപ്പിച്ച് അവരെ പോറ്റി വളർത്തുന്നതിൽ അമ്മമാർ സഹിക്കുന്ന ക്ലേശം വാക്കുകൾ കൊണ്ട് പറയാവുന്നതല്ല. അങ്ങിനെയുള്ള അമ്മമാരെ സന്തോഷിപ്പിക്കുന്ന മക്കൾക്ക് ഇഹത്തിലും പരത്തിലും ശ്രേയസ്സുണ്ടാകും.
21. അപ്പപ്പോൾ ഉണ്ടാകുന്ന ദുഃഖത്തെയും സന്തോഷത്തെയും അടക്കാതെ ജീവിക്കുന്നവൻ വെള്ളത്തിൽ മുക്കിയ പച്ചക്കളിമൺകുടം എന്ന പോലെ ഐശ്വര്യം നേടിയ ശേഷം നശിച്ചുപോകും.
22. ആദ്യം മനസ്സു കൊണ്ടുറപ്പിച്ച് പിന്നെ വാക്കു കൊണ്ട് പറയുന്നു. പിന്നെ കർമ്മം കൊണ്ട് നടപ്പിലാക്കുന്നു. അതുകൊണ്ട് മനസ്സാണ് സർവ്വോപരി പ്രധാനമായിരിക്കുന്നത്.
23. ശരിയായ വീരശൂരന്മാർ ഒരിക്കലും ആത്മപ്രശംസ ചെയ്യുകയില്ല.
24. തനിക്കു വന്നു ചേരുന്ന ശ്രേയസ്സിലും മാനങ്ങളിലും അത്യധികം സന്തോഷിക്കാതിരിക്കുകയും, ഗംഗയിലെ കയം പോലെ അചഞ്ചല മാനസനായി നിൽക്കുകയും ചെയ്യുന്നവനെ പണ്ഡിതനെന്നു പറയുന്നു.
25. മൃദുശീലനോടിടയുന്നതു ബലമല്ല.
26. പഴകി ദ്രവിച്ച വസ്ത്രങ്ങൾ ഉപേക്ഷിച്ച് പുതിയ വസ്ത്രങ്ങൾ സ്വീകരിക്കുന്നതു പോലെയാണ് മരണവും ജനനവും.
27. പരാർത്ഥമായി ചെയ്യുന്ന കർമ്മത്തിൽ സുഖം അനുഭവിക്കുന്നവരാണ് സജ്ജനങ്ങൾ.
28. ആസുരീക സമ്പത്തുള്ളവർ ഈശ്വരവിശ്വാസമില്ലാത്തവരും നാസ്തികന്മാരുമായിരിക്കും. വിഷയ സുഖാനുഭവവും അതിനു വേണ്ടിയുള്ള ധനസമ്പാദനവുമായിരിക്കും അവരുടെ ജീവിതലക്ഷ്യം.

# ചിലപ്പോൾ ചില പേരുകൾ

ശിവദാസക്കുറുപ്പ്/9495557245

വാട്ട് ഈസ് ഇൻ എ നെയിം? ഒരു പേരിൽ എന്തിരിക്കുന്നു എന്ന ചോദ്യം ലോകത്തോടു വിളിച്ചു ചോദിച്ചത് വിശ്വപ്രശസ്ത എഴുത്തുകാരൻ വില്യം ഷേക്സ്പിയർ ആണല്ലോ. അദ്ദേഹം വിവ ക്ഷിച്ചത് പേരിന്റെ പ്രശസ്തിക്കു വേണ്ടി മാനുഷിക മൂല്യങ്ങൾക്കു തെല്ലും വില കൽപ്പിക്കാതെ എന്തും ചെയ്യാൻ മടിയില്ലാതെ നെട്ടോ ട്ടമോടുന്നവരെ ഓർത്തിട്ടോ, പേരിലല്ല പ്രവർത്തിക്കാണ് പ്രസക്തി എന്നോ ആയിരിക്കാം. മുല്ലപ്പൂവിന് ആ പേരില്ലെങ്കിലും അത് സുഗന്ധം പരത്തിക്കൊണ്ടിരിക്കുമല്ലോ. വെന്തെരിഞ്ഞാലും ചന്ദനം മണക്കും. കസ്തൂരിമാനിന്റെ കഥയും മറ്റൊന്നല്ല. അതിന്റെ സുഗന്ധം അതിനറിയില്ല.

വിദ്യ കൊണ്ടറിയേണ്ടതറിയാതെ വിദ്വാനെന്നു നടിച്ചും..... സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചു നാണം കെട്ടു നടക്കുന്നു ചിലർ എന്നും എത്രയോ മുമ്പേ ജ്ഞാനപ്പാന നമുക്ക് നൽകി പൂന്താനം എന്ന മഹാകവി. ആവോളം പാനം ചെയ്തു ആത്മദാഹമകറ്റി അന്തർലോചനം തുറക്കുവാൻ.

ഇവിടെ ഇത്രയും പറഞ്ഞത് (കഴിഞ്ഞ ലക്കം ഞാനാരാണെന്ന് അറിയാമോ?) മരം വെട്ടുന്ന തൊഴിൽ ഉപജീവനമാക്കിയ ഒരാളിന്റെ മനസ്സിൽപ്പോലും ഇന്നും കെടാത്ത ഒരു ചെറുകൈത്തിരി കത്തിച്ചു വെച്ച് മൺമറഞ്ഞ ദർശനത്തിന്റെ ദാർശനികനെ ഓർത്തു കൊണ്ടാണ്.

ദർശനത്തിന്റെ ദാർശനികൻ എന്ന വളരെ നല്ല ഈ ഭാഷാ പ്രയോഗം എന്റെ മനസ്സിന്റെ ആഴങ്ങളിൽ മുളപ്പിച്ചു നിർത്തിയത് ഉണ്ണികൃഷ്ണനാണ്. അകാലത്തിൽ പൊലിഞ്ഞു പോയ മുൻ പഞ്ചാ യത്തു മെമ്പർ. ജാതിമത ചിന്തകൾക്കതീതമായി നാമെല്ലാം സ്വന്ത ക്കാരാണെന്ന വിശ്വമാനവികതാ ബോധ ദീപം തെളിയിച്ച ആ മഹാമനീഷിയെ മനസ്സാ സ്മരിച്ചു കൊണ്ട് വഴിനീളെ ഉണ്ണികൃ ഷ്ണൻ ഇങ്ങനെ എഴുതി വെച്ചിരുന്നു : ദർശനത്തിന്റെ ദാർശനി കനു പ്രണാമം! ആത്മസമർപ്പണത്തിന്റെ അക്ഷരദീപം ഒരു യുവാ വായിരുന്ന ഞാൻ കൊന്നപ്പാട്ടേയ്ക്കുള്ള വഴിനീളെ ഇതു വായിച്ചു കൊണ്ടാണ് ഭൂമിക്കാരനെ അവസാനമായി കണ്ടത്. വഴിനീളെ മൂക

സാന്ത്വനമായി നിന്ന വടിവൊത്ത ആ അക്ഷരങ്ങൾ ജ്വലിപ്പിച്ച പേരിന്റെ വിസ്മയം ഞാൻ കണ്ടു നടന്നു.

കയ്യിലുണ്ടായിരുന്ന വിലപിടിച്ച എന്തോ ഒന്ന് തിര്യെ ലഭിക്കാത്ത വിധം നഷ്ടപ്പെട്ടതു പോലെ.... ഒരു ശൂന്യത...

ജി പാടി :നീ അപാരതയുടെ നീലഗംഭീരോദ്ദാര ഛായ...

നിൻ ആശ്ലേഷത്താൽ എൻ മനം ജ്രംഭിക്കുന്നു...

"എന്റെ ശൈശവ കൗമാര യൗവ്വനാരംഭ കാലങ്ങളിൽ എനിക്ക് ജീവിതത്തിലെ നാനാതരം നേരുകളും നെറികേടുകളും നേരമ്പോക്കുകളും, വിസ്മയങ്ങളും വിഡ്ഢിത്തങ്ങളും വിഷാദസത്യങ്ങളും വെളിപ്പെടുത്തിത്തന്നവരും ആയ..." ജ്ഞാനപീഠം അവാർഡ് നേടിയ ശ്രീ. എസ്.കെ പൊറ്റക്കാടിന്റെ ഒരു ദേശത്തിന്റെ കഥ എന്ന നോവൽ സമർപ്പിച്ചിരിക്കുന്നത് മുകളിൽ ഉദ്ധരിച്ചതു പോലെയാണ്. അതെ, ജീവിതത്തിന്റെ വഴിത്താരകളിൽ കണ്ടും കേട്ടും കൊണ്ടറിഞ്ഞതും മനസ്സിന്റെ ഉള്ളറകളിൽ കരുതലായി കാത്തുവെച്ച മരംവെട്ടുകാരന്റെ മനസ്സിലും ഒരു കനലായി ഇന്നുമെരിയുന്നു ഭൂമിക്കാരൻ.

"കഞ്ഞിപ്പാടത്തു നിന്ന് ഒരു ശമരിയാക്കാരൻ" മലയാള സാഹിത്യത്തിലെ എക്കാലത്തെയും വേറിട്ട ശബ്ദമെന്ന് കരുതാവുന്ന ശ്രീ. സക്കറിയ എഴുതിയത് എത്രയോ അന്വർത്ഥമാകുന്നു. കൂട്ടംതെറ്റിയ ഒരു കുഞ്ഞാടിനെ അന്വേഷിച്ചിറങ്ങിയ യേശുദേവന്റെ മനസ്സലിവ് കൈമോശം വന്ന മനുഷ്യ മനസ്സാക്ഷിയോട് യേശുദേവൻ പറഞ്ഞത് നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക ലോകത്തിലാദ്യത്തെ വിപ്ലവാഹ്വാനം! നീ നിനക്കു വേണ്ടി മാത്രമാകരുത്... നാണം കെട്ടും സൗഹൃദം സ്ഥാപിക്കണം. ഭൂമിക്കാരന്റെ വാക്കുകളിലെ പാരസ്പര്യത്തിന്റെ ഉറവ... പണ്ഡിതാ സമദർശിനഃ

പങ്കജാക്ഷക്കുറുപ്പു സാറിന്റെ നാടല്ലേ ഇത്... ഇവിടെ വരുവാൻ കഴിഞ്ഞതേ ഭാഗ്യം... കഞ്ഞിപ്പാടം-വൈശ്യംഭാഗം പാലം കാണാൻ വന്ന ഒരപരിചിതൻ ഭംഗ്യന്തരേണ പറഞ്ഞത് ഞാൻ ഇത്തരുണത്തിൽ ഓർത്തു പോകുന്നു.

അദ്ദേഹം എന്താണ് ഉദ്ദേശിച്ചത്—? അറിയില്ല

അതിമനോഹരമായി പണിതുയർത്തിയ ഇരുകരകൾ തമ്മിലുള്ള

അകലം കുറച്ച പാലത്തിന്റെ ഒത്ത നടുവിൽ പ്രളയത്താൽ കൂലം കുത്തിയൊഴുകുന്ന പൂക്കൈതയാറിലേയ്ക്ക് നോക്കിക്കൊണ്ട് അദ്ദേഹം എന്നോട് ചോദിച്ചു : താങ്കൾ ഈ നാട്ടുകാരനാണോ? അതോ-? അതെ എന്ന എന്റെ മറുപടിക്ക് മറുവാക്ക് പറയാതെ അയാൾ ചിരിച്ചു കൊണ്ട് കൈവീശി സുഹൃത്തിന്റെ വാഹനത്തിൽ കയറിപ്പോയി.

ഞാൻ പിന്നെയും ആ പാലത്തിൽ നിന്നും മുറിഞ്ഞു പോയ സംഭാഷണം പൂരിപ്പിക്കാനെന്നോണം തിരിച്ചു നടക്കാനൊരുങ്ങുമ്പോൾ ആ അപരിചിതൻ എന്നോട് എന്തോ പറയാതെ പറഞ്ഞതു പോലെ... അപ്പോൾ എന്റെ മനസ്സിൽ മഹാകവി ജിയുടെ വിശ്വവീക്ഷണ ഗീതത്തിന്റെ ഈരടികൾ പ്രാർത്ഥനയായ് ഉണരുകയായിരുന്നു.

ക്ഷുദ്രമാമെൻ കർണ്ണത്താൽ കേൾക്കുവാനാകാത്തൊരു........
അങ്ങിൽ നിന്നറിഞ്ഞു ഞാൻ പൂർണ്ണമാമാത്മാവിങ്കൽ
തിങ്ങിടുമനുഭവം പകരും കലാശൈലി....

ഈ പ്രളയകാലത്തും നന്മയിലേക്കുള്ള നടപ്പാലം മനുഷ്യമനസ്സുകളിൽ തകരാതെ സൂക്ഷിക്കുവാൻ ദാർശനികന്റെ പേരിനും അതിന്റെ വിസ്മയത്തിനും കഴിയുന്നു.

ഈ നന്മ മരം വളർന്നു വലുതാവട്ടെ. അതിന്റെ ശിഖരങ്ങളിൽ ഏവർക്കും സമാധാനത്തോടെ ഒരുമയോടെ ജീവിക്കാൻ പറ്റുന്ന കൂടുകൂട്ടാൻ.

# കൊച്ചു വർത്തമാനം

## മാതൃശക്തി

ഈ പ്രപഞ്ചം ഒരു വിശ്വവിജ്ഞാന കോശമാണ്. നമുക്കു വേണ്ടതെല്ലാം ഇവിടെ നോക്കി പഠിക്കാം. ആകാശവും നക്ഷത്രങ്ങളും കാടും കടലും പുഴയുമെല്ലാം നമുക്ക് അറിവ് പകരുകയാണ്, സ്നേഹനൂലിനാൽ കോർത്തിണക്കി നമ്മെ സംരക്ഷിക്കുകയാണ്. പക്ഷേ നാം അത് തിരിച്ചറിയാതെ അങ്ങിനെ ഞെളിഞ്ഞ് നടക്കുകയാണ്. ആന കരിമ്പിൻ തോട്ടത്തിൽ കയറിയതുപോലെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് പ്രകൃതിയെ ചൂഷണം ചെയ്യുകയാണ്. അതിന്റെ ഫലമായി കഷ്ടപ്പാടുകൾ അനുഭവിക്കുന്നു. ഇതാ പുഴ

യുടെ തീരത്ത് നിന്നൊരു വേദനിക്കുന്ന കൊച്ചു വർത്തമാനം.

വണ്ടാനത്ത് കിഴക്കു നിന്നും മരുന്നിന് വന്ന ഒരു മിത്രം പറഞ്ഞതാണ് ഈ സംഭവം. അദ്ദേഹം രാവിലെ പണിക്ക് പോകും മുമ്പ് തോട്ടരികിലും ആറ്റു തീരത്തുമൊക്കെ പോയി തെറ്റാലി കൊണ്ട് മത്സ്യങ്ങളെ തെറ്റിപ്പിടിക്കാറുണ്ടായിരുന്നു. നല്ല ഉന്നം ഉള്ളതിനാൽ ധാരാളം മത്സ്യങ്ങളെ കിട്ടും. ആറ്റു തീരം വരെ 2 കിലോ മീറ്റർ നടപ്പുമാകും കറിക്ക് മീനും കിട്ടും. കൂടുതൽ ഉണ്ടെങ്കിൽ വിലയ്ക്കോ കൂട്ടുകാരെ കണ്ടാൽ വെറുതെയോ ഒക്കെ കൊടുക്കും. കുഞ്ഞുങ്ങളുമായി നിൽക്കുന്ന മത്സ്യങ്ങളെ കണ്ടാൽ തെറ്റിക്കൂടെന്നാണ് നാട്ടു നിയമം. എങ്കിലും ചിലപ്പോൾ കൊതി തോന്നി ഒന്നിനെ തെറ്റിപ്പിടിക്കും. രണ്ടിനേയും പിടിച്ചാൽ കുഞ്ഞുങ്ങളെ മറ്റ് മത്സ്യങ്ങൾ പിടിച്ചു തിന്നും. അവയ്ക്കും നമ്മെപ്പോലെ സന്തോഷവും സന്താപവുമുണ്ട്. പുത്രവാത്സല്യം കുറച്ച് കൂടുതലുമാണ്.

ഒരിക്കൽ ആറ്റു തീരത്തു കൂടി മീൻ പിടിച്ച് നടക്കവേ രണ്ട് വലിയ ചേറു മീൻ ഉമ്പ്രി കുഞ്ഞുങ്ങളുമായി അങ്ങനെ വിരിഞ്ഞു നിൽക്കുന്നതു കണ്ടു. അൽപ്പം വിഷമത്തോടെയാണെങ്കിലും ഒന്നിനെ തെറ്റിപ്പിടിച്ചു. ഇന്നത്തേയ്ക്ക് ഇതു മതി. നേരേ വീട്ടിൽ കൊണ്ടുപോയി വീട്ടുകാരിയുടെ കയ്യിൽ കൊടുത്തു. ലക്ഷണമൊത്ത ഒരു ചേറുമീൻ. ഭാര്യ ഉടൻ തന്നെ മീനിനെ വെട്ടാൻ കടവിൽ കൊണ്ടുപോയി. കുട്ടനാട്ടുകാരുടെ പതിവാണിത്. തോട്ടരികിൽ ഇരുന്ന് മീൻ വെട്ടി കഴുകും. വശങ്ങളിലെ ചിറക് മുറിച്ചു വാലും മുറിച്ചു. തലയ്ക്ക് കത്തി വെയ്ക്കാൻ തുടങ്ങിയപ്പോൾ മീൻ ഒന്നു പിടഞ്ഞു. അത് കയ്യിൽ നിന്നും തെറിച്ച് തോട്ടരികിൽ വീണു. അബദ്ധം പറ്റരുതല്ലോ വേഗം ചെന്ന് മുറുക്കെ പിടിച്ചു. മീൻ ഒന്നു കൂടി പിടഞ്ഞു അത് തോട്ടിൽ തന്നെ ചെന്നു വീണു. പിന്നെ അതിനെ കാണാൻ കഴിഞ്ഞില്ല. വിവരം ഭാര്യ പറഞ്ഞറിഞ്ഞു. കറിയ്ക്കും കിട്ടിയില്ല അത് ചത്തുപോകുമല്ലോ എന്നോർത്തു വിഷമം തോന്നി. എങ്കിലും പിറ്റേ ദിവസം തെറ്റാലിയുമായി പോയപ്പോൾ പഴയ സ്ഥലത്ത് ഒന്ന് നോക്കി, കുട്ടികളുമായി ഇന്നലെ പിടിച്ച ചേറുമീനിന്റെ ഇണ അവിടെത്തന്നെ നിൽപ്പുണ്ട്. ഏതായാലും ഇതിനേയും പിടിച്ചേക്കാം എന്ന് കരുതി. അതിന്റെ പിള്ളാര് എങ്ങി

നേയും ജീവിച്ചു കൊള്ളും. നമ്മുടെ പിള്ളേർക്കും ജീവിക്കണ്ടെ എന്നൊരു കുബുദ്ധിയും തോന്നി. ഉന്നം പിടിച്ച് തെറ്റാൻ ശ്രമിച്ച പ്പോൾ അയാൾ ഭയന്ന് ഞെട്ടിപ്പോയി. കുട്ടികൾ നിൽക്കുന്നതിന് താഴെയായി ഇന്നലെ താൻ തെറ്റിപ്പിടിച്ച വാലും ചിറകും നഷ്ടപ്പെട്ട വയറിന് തുളവീണ ചേറുമീൻ അവിടെ നിൽക്കുന്നു. തന്റെ വീട്ടിൽ നിന്നും രണ്ടു കിലോമീറ്ററോളം ദൂരമുണ്ട് ഈ ആറ്റുതീരത്തേയ്ക്ക്. ആ തോട്ടിലൂടെ എങ്ങിനെ വഴിതെറ്റാതെ കൃത്യമായി സഞ്ചരിച്ച് ഈ കുട്ടികളുടെ അടുത്തെത്തി? എന്ത് വേദന സഹിച്ചാണ് ആ കുഞ്ഞുങ്ങളെ പോറ്റാൻ ഇപ്പോൾ ഇവിടെ നിൽക്കുന്നത്. ഈ കുടും ബത്തെ ഞാൻ തകർത്തല്ലോ ദൈവമേ! ചുവന്ന മാതളനാരങ്ങയുടെ അല്ലി പോലെ സൗന്ദര്യമുള്ള ആ കുട്ടികളേയും അവർക്ക് സംര ക്ഷണ കവചം തീർത്ത് നിൽക്കുന്ന അതിന്റെ മാതാപിതാക്കളേയും നോക്കി നിൽക്കേ പശ്ചാതാപത്താൽ വിവശനായ ആ മിത്രം തനിക്ക് ഇതുവരെയും പ്രിയമായിരുന്ന ആ തെറ്റാലി ചവിട്ടി ഒടിച്ച് ആറ്റിലേ യ്ക്കൊരേറു കൊടുത്തു. പിന്നീടൊരിക്കലും മത്സ്യബന്ധനം നടത്തി യിട്ടില്ല.

തിരിച്ചു നടക്കവേ അയാളോർത്തു. മത്സ്യത്തിന്റെ തലയിൽ കത്തി വെച്ചപ്പോൾ കുട്ടികളെ ഓർത്ത് എന്ത് വേദനയോടെയായി രിക്കും അത് പിടഞ്ഞത്. അങ്ങിനെയാണല്ലോ അത് തോട്ടിലെത്തി യതും അവിടെ നിന്നും മുറിഞ്ഞ വാലിട്ടാട്ടിയാട്ടി ആറ്റിൽ കുഞ്ഞു ങ്ങളുടെ അടുത്തെത്തിയതും. പ്രപഞ്ച നിഗൂഢതകൾ ആർക്ക റിയാം? നമ്മുടെ തെറ്റായ പ്രവൃത്തികളുടെ ഭവിഷ്യത്ത് എന്തായി രിക്കും എന്നൊരു ചിന്ത നമുക്കുണ്ടായാൽ ശരിയായ ദിശയി ലേയ്ക്ക് തിരിയാം. അവയെ മനസ്സിൽ കാണണം. ലഹരി പ്രിയർ അവരുടെ വീടുകളിൽ വീഴുന്ന അമ്മമാരുടെയും കുട്ടികളുടെയും കണ്ണീർചാലുകളും അതുണ്ടാക്കുന്ന ഭവിഷ്യത്തും എന്തെല്ലാമെ ന്നോർത്താൽ പിന്നെ തെറ്റ് ചെയ്യുകയില്ല. ഒരു ലക്ഷ്യബോധമുണ്ടാ കും. ജീവിത ഗതി മാറും. രാജ്യ വിസ്തൃതിക്കായി അനേകരെ വ്യഥാ യുദ്ധം ചെയ്തുകൊന്ന അശോകചക്രവർത്തിയും ബുദ്ധന്റെ സന്ദേശം ഉൾക്കൊണ്ട് ജനക്ഷേമപ്രവർത്തനങ്ങളിൽ മുഴുകിയ ചരിത്രം നമുക്ക് അറിവുള്ളതാണല്ലോ. അപ്പോൾ നാം എന്ത് മാർഗ്ഗം ആണ് സ്വീകരിക്കേണ്ടത്? തിരക്ക് പിടിക്കാതെ ശാന്തമായി ആലോ ചിക്കുക.

# പൊതു വിവരങ്ങൾ

## 1.കഞ്ഞിപ്പാടം - വൈശ്യംഭാഗം പാലം - നാട്ടുകാർക്ക് ലഭിച്ച ഓണസമ്മാനം

സുതലത്തിലേയ്ക്ക് യാത്രയാകും മുമ്പ് വാമനനോട് മഹാബലി ആവശ്യപ്പെട്ടത് നാട്ടുകാരുടെ സൗഖ്യം മാത്രമാണ്. സ്വന്തം സുഖമോ സ്ഥാനമാനങ്ങളോ അല്ല. അങ്ങിനെ കുട്ടനാട്ടുകാർക്ക് എല്ലാം ഒരുപോലെ സന്തോഷം പകരുന്ന ഒരു ഓണസമ്മാനമായിരുന്നു പൂക്കൈതയാറ്റിലെ കഞ്ഞിപ്പാടം-വൈശ്യംഭാഗം പാലം. മനോഹരമായ ആ പാലത്തിലൂടെ രാവിലെയോ വൈകിട്ടോ ഒന്ന് അക്കരവരെ നടന്ന് പോകുക. മുകളിൽ ആകാശവും താഴെ പുഴയും പുരവഞ്ചികളും മധ്യേയുള്ള സുന്ദരമായ പാലവും ഇരുവശവും തിങ്ങിനിറഞ്ഞ കൽപ്പവൃക്ഷങ്ങളും പാലത്തിലെ നടപ്പാതയിൽ നിന്ന് കണ്ടാസ്വദിക്കാം. ഈ പാലത്തിന്റെ പൂർത്തീകരണത്തിനായി അത്യദ്ധ്വാനം ചെയ്ത നമ്മുടെ മന്ത്രി ശ്രീ. ജി. സുധാകരനും ഉദ്ഘാടനത്തിനായി എത്തിയ മുഖ്യമന്ത്രിക്കും മറ്റ് ബന്ധപ്പെട്ടവർക്കും ജനപ്രതിനിധികൾക്കും അനുമോദനങ്ങൾ. പാലം ഉദ്ഘാടന സപ്ലിമെന്റിൽ അയൽക്കൂട്ട പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവിന്റെ ചിത്രം കൊടുത്ത് "ഉണ്ടല്ലോ കൊണ്ടുപോകാം" എന്ന ലേഖനത്തിലൂടെ "കയ്യിൽ വരുന്നതിന്റെ ഒരു പങ്ക് സമൂഹത്തിനും അവകാശപ്പെട്ടതാണ് അത് നൽകുക" എന്ന അച്ഛന്റെ സന്ദേശവും കൊടുത്തിട്ടുണ്ട്. ദർശനത്തിന്റെ പ്രണാമം.

## 2.ശിശുദിനം

"വിദ്യാലയം പ്രതിഭയുടെ അടുത്തേക്ക്" എന്ന പദ്ധതിയുടെ ഭാഗമായി നീർക്കുന്നം സ്കൂളിൽ നിന്നും ഏതാനും കുട്ടികളും അദ്ധ്യാപകരും ദർശനം ആശയങ്ങൾ പഠിക്കുവാനായി വന്നിരുന്നു. അയൽക്കൂട്ടം എന്ന ആശയത്തെ കുറിച്ചും മൈത്രീ ഭാവനയെക്കുറിച്ചും കുട്ടികൾ ചോദിച്ചറിഞ്ഞു. അവർ ജൈവാർച്ചനയായി പഴങ്ങളും കൊണ്ടുവന്നു. ലത അവർക്ക് ഉണ്ണിയപ്പവും പഴങ്ങളും വിതരണം ചെയ്തു. അദ്ധ്യാപകരായ സുരേഷ്കുമാർ, നദീറ, മധുകുമാർ, എസ്.എം.സി ചെയർമാൻ എസ്.സലാം തുടങ്ങിയവർ പങ്കെടുത്തു. എല്ലാവർക്കും ഭാവിലോകം പുസ്തകവും നൽകി ആണ് യാത്ര അയച്ചത്.

## 3. ശ്രീ. മുരളീധരമേനോൻ അനുസ്മരണം

മേനോൻസാറിന്റെ അനുസ്മരണം നവംബർ 13–ന് രാവിലെ 11 മണിക്ക് എസ്.ഡി. കോളേജിലെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ ലക്ച്ചർ ഹാളിൽ വെച്ച് അധ്യാപകരും കുട്ടികളും ചേർന്ന് സമുചിതമായി ആചരിച്ചു. പ്രൊഫ. കൃഷ്ണകുമാർ, ഭട്ടതിരി സാർ, ജിതേന്ദ്രവർമ്മ തുടങ്ങിയ മുൻ അധ്യാപകരും ശിഷ്യരും പങ്കെടുത്ത യോഗത്തിൽ പ്രൊഫ. പ്രസീദാ വർമ്മ അദ്ധ്യക്ഷയായി. പ്രൊഫ. ഇന്ദുലാൽ സ്വാഗതവും, പ്രിൻസിപ്പാൾ ഡോ. ഉണ്ണികൃഷ്ണൻ, പ്രൊഫസർമാരായ രാമരാജവർമ്മ, ആർ. സുരേഷ് തുടങ്ങിയവർ ആശംസയും അർപ്പിച്ചു.

ഗുരുനിത്യചൈതന്യയതിയുടെ ശിഷ്യനായ ശ്രീ. ഷൗക്കത്തായിരുന്നു മുഖ്യ പ്രഭാഷകൻ. സാമ്പ്രദായിക മതഭക്തിക്ക് ഉപരിയായി പ്രായോഗിക മത ദർശനമായിരുന്നു വിഷയം. ഷൗക്കത്ത് അത് നന്നായി നിർവ്വഹിച്ചു. പ്രത്യേകിച്ചും മനോനിയന്ത്രണത്തെപ്പറ്റി പരാമർശിച്ചപ്പോൾ പറഞ്ഞ ഉദാഹരണം – ഒരു പാമ്പിന്റെ തലയിൽ ചവിട്ടി പിടിച്ചയാൾ കാലെടുത്താൽ കൊത്തു കിട്ടും എന്നു കരുതി ശ്രദ്ധിക്കും പോലെ വേണം ഇന്ദ്രിയ നിയന്ത്രണത്തിന് ഏർപ്പെടുന്നവർ. കാമക്രോധാദികൾ തക്കം പാർത്തിരിക്കും. അവസരം കിട്ടിയാൽ പ്രതികരിക്കും. മനുഷ്യന്റെ ചിന്താശേഷി പ്രവർത്തിക്കുന്നില്ലെന്നും എല്ലാവരും വെറുതെ ആരെയെങ്കിലും പിൻതുടരുകയാണെന്ന പ്രസ്താവനയും ചിന്തോദ്ദീപകമായിരുന്നു. തുടർന്ന് എല്ലാ വർഷവും മേനോൻ സാറിന്റെ അനുസ്മരണം നടത്താമെന്നുള്ള തീരുമാനത്തോടെയാണ് യോഗം പിരിഞ്ഞത്. നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്ത യോഗം കുട്ടികളിലും ഒരു ആത്മീയ ഉണർവ്വുണ്ടാക്കി മംഗളമായി പര്യവസാനിച്ചു.

## 4. കുടുംബസംഗമം

പീസ് റസിഡൻസ് അസോസിയേഷന്റെ കുടുംബസംഗമവും സാംസ്ക്കാരിക സമ്മേളനവും അൽ ഹുദാ ആഡിറ്റോറിയത്തിൽ വെച്ച് സമംഗളം നടന്നു. ശ്രീ ഹാഷിമിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി ശ്രീകുമാർ സ്വാഗതം പറഞ്ഞു. ഉദ്ഘാടന

ചുമതല ദർശനത്തിനായിരുന്നു. മുഹറം സന്ദേശം ആദംകുട്ടി സാറും ഓണ സന്ദേശം ചന്ദ്രശേഖരക്കുറുപ്പ് സാറും സദസ്സിന് നൽകി. ശ്രീ.ബഷീർ തുണ്ടിൽ, ഷെരീഫ് മത്തേടം, മധുസൂതധനൻ നായർ എന്നിവർ ആശംസകൾ അർപ്പിച്ചു. കുട്ടികളുടെ കലാപരി പാടികൾ സംഗമത്തിന് മാറ്റ് കൂട്ടി. 150 ഓളം പേർ പങ്കെടുത്ത കൂട്ടായ്മ പാരസ്പര്യത്തിന്റെ നിറവിൽ ഓണസദ്യയും കഴിഞ്ഞാണ് പിരിഞ്ഞത്.

## 5. മത്സ്യക്കൃഷി

നമ്മുടെ ഗിരിജൻ കരുനാഗപ്പള്ളിയിൽ കാട്ടിൽക്കടവിൽ കുടും ബസ്വത്തായി ലഭിച്ച ഒരു പറമ്പിലെ കുളത്തിൽ മത്സ്യകൃഷി ആരം ഭിച്ചിരുന്നു. വിളവെടുപ്പ് ഉദ്ഘാടനം ഡിസംബർ 22 ഞായറാഴ്ച രാവിലെ 10 മണിക്ക് നടത്തപ്പെടുന്നു. അതോടനുബന്ധിച്ച് വൈകിട്ട് 5 മണിവരെയുള്ള പരിപാടികളിലേയ്ക്ക് ദർശനം മിത്രങ്ങളെ ക്ഷണിച്ചു കൊള്ളുന്നു (9847005343).

## 6. കാൻസറും ക്രിമിനൽസും

ഇന്ന് നമ്മുടെ നാട്ടിലെല്ലാം ഇവ രണ്ടും ധാരാളമായി കണ്ടുവരു ന്നു. ഒന്ന് തെറ്റായ ഭക്ഷണരീതി കൊണ്ടും രണ്ടാമത്തേത് തെറ്റായ ചിന്താഗതി കൊണ്ടും അഥവാ രണ്ടും ചേർന്നും സംഭവിക്കുന്നു. ഇവ സമൂഹത്തിൽ നിന്നും ശക്തിയാർജ്ജിച്ച് നാശം വിതച്ച് കുടുംബവും കുളംതോണ്ടി സ്വയം നശിക്കുന്നു. മാരകമല്ലാത്ത വയും ഉണ്ട്. ഇവയെ നേരത്തെ തിരിച്ചറിയുക പ്രയാസമാണ്. ഇവ യുടെ പിടിയിൽ പെടാതിരിക്കാൻ മനസ്സിലേയ്ക്ക് ഒരു എത്തിനോട്ടം വേണം. ഇവ രണ്ടിൽ ഭേദം കാൻസറാണ്. മാനഹാനിയില്ലല്ലോ.

ക്രിമിനൽസിന്റെ പ്രധാന ലക്ഷണം അഹങ്കാരമാണ്. നല്ല കഴിവും തന്റേടവും കൈമുതലായുള്ള ഇവർക്ക് വീണ്ടുവിചാരം ഇല്ലാത്തതുകൊണ്ട് ലോകത്തൊന്നിനേയും ഭയമില്ല. ഒന്നുകൊണ്ടും തൃപ്തിയുണ്ടാകുകയുമില്ല. പരോപകാരം ചെയ്യാൻ മടിയുണ്ടെ ങ്കിലും സുഖഭോഗങ്ങൾക്കായി എത്ര പണം വേണമെങ്കിലും ചില വഴിക്കും. എന്തധർമ്മത്തിലൂടെയും പണം സമ്പാദിക്കും. പൊതുവെ ധർമ്മിഷ്ഠരെ ഇവർക്ക് പുച്ഛമാണ്. ദുർമാർഗ്ഗികളുമായാണ് ചങ്ങാ

ത്തം. സ്വന്തം സുഖമല്ലാതെ മറ്റുള്ളവരെപ്പറ്റി ചിന്തിക്കാറില്ല. വിലക്കപ്പെട്ട കനികളാണിഷ്ടം. അത് നേടുവാനായി ഏത് കുമാർഗ്ഗവും സ്വീകരിക്കും. വേണ്ടപ്പെട്ടവരെ ഉപേക്ഷിക്കും. വേണ്ടാത്ത കൂട്ടുകെട്ടിൽപ്പെടും. ആരെവേണമെങ്കിലും ചതിക്കുകയോ വധിക്കുകയോ ചെയ്യും. ഭവിഷ്യത് ചിന്ത അശേഷമില്ല. ആരുടേയും ഉപദേശം ചെവിക്കൊള്ളുകയില്ല. അവർ എന്താണ് ചെയ്യാൻ പോകുന്നതെന്ന് നീതിമാന്മാർക്ക് ഊഹിക്കാൻ പോലും കഴിയുകയില്ല. അതാണ് ക്രിമിനൽസിന്റെ സ്വഭാവ വിശേഷം.

മൈത്രീഭാവന കൊണ്ട് ഇവരെ തിരുത്താനാവില്ല. പക്ഷേ സ്വയം തിരുത്താം. അവരെ നശിപ്പിക്കാൻ ശ്രമിച്ചാൽ ബാലിയുടെ മുമ്പിൽ ചെന്ന് പെടുന്നതുപോലെയാകും നമ്മുടെ സ്ഥിതി. അവർ ശക്തി പ്രാപിക്കും പിന്നെന്തുവേണം. ഉപേക്ഷ, തീർത്തും ഇക്കൂട്ടരെ അവഗണിക്കുക. മനസ്സ് ക്രിമിനൽസിലല്ല ധർമ്മത്തിൽ, ഉറപ്പിച്ച് നിർത്തികൊണ്ട് പ്രതികരിക്കുക. മനുഷ്യനിർമ്മിതമോ അല്ലെങ്കിൽ വിധിപ്രകാരം ഉള്ളതോ ആയ കർമ്മനിയമം ഓരോ വ്യക്തിയേയും പിൻതുടർന്ന് യഥാകാലം സുഖദുഃഖങ്ങൾ അനുഭവിപ്പിക്കും. അപ്പോൾ ഈക്കൂട്ടർ രക്ഷപ്രാപിക്കാനായി ഞാൻ വിശ്വാസിയോ അവിശ്വാസിയോ അല്ല എന്ന് പറഞ്ഞാലൊന്നും കാലത്തിന്റെ മുമ്പിൽ പരിഗണിക്കപ്പെടുകയില്ല. ഈ ഭൂമിയിൽ വന്ന് പിറന്നിട്ട് എന്ത് ചെയ്തു എന്ന് മാത്രം പറഞ്ഞാൽ മതി. നാം ഇതൊന്നും കണ്ടും കേട്ടും അസ്വസ്ഥത പെടേണ്ടതില്ല. മനസ്സിന്റെ പക്വത, സന്തോഷം അത് ഒരു സാഹചര്യത്തിലും നഷ്ടപ്പെടാതെ കാത്തു സൂക്ഷിക്കുക. ഈ ഭൂമി സ്വർഗ്ഗ തുല്യമാക്കുവാൻ കർത്തവ്യങ്ങൾ മുടങ്ങാതെ ഒരു പരിഭവവും കൂടാതെ അനുഷ്ഠിക്കുക എന്നുള്ളതു തന്നെയാണ് അധർമ്മത്തിനുള്ള പ്രത്യൗഷധം. ജീവിതപ്രശ്നങ്ങളിലൂടെ കടന്നുപോകുമ്പോൾ മനസ്സിൽ പ്രതികാരത്തിന്റെയോ വെറുപ്പിന്റെയോ അണുക്കൾ ഉണ്ടായിവന്നാൽ വിവേകം കൊണ്ടത് ചുട്ടുകളയുക. കൂട്ടായ ധാർമ്മിക പ്രവർത്തനങ്ങളിൽ പങ്കാളികളാകണം. യേശുദേവന്റെയും മഹാത്മജിയുടെയും അവസാന വാക്കുകൾ തമ്മിൽ ചേർത്തു പിടിച്ചു കൊണ്ട് (ഇവർ ചെയ്യുന്നതെന്താണെന്ന് ഇവർ അറിയുന്നില്ല ഇവരോട് പൊറുക്കേണമേ/

– ഹേ റാം.) നല്ല സ്വപ്നങ്ങൾ കണ്ട് നമ്മുടെ മുമ്പിൽ വരുന്ന കർമ്മങ്ങളെ പരോപകാരപ്രദമായും നിർഭയമായും അനുഷ്ഠിക്കുക. ആത്യന്തിക വിജയം ധർമ്മത്തിന് തന്നെ ജയ് ജഗത്.

## 7. പലവക

എല്ലാമാസവും ആദ്യ ഞായറാഴ്ച വൈകിട്ട് 5 മുതൽ 7 വരെ പ്രതിമാസ യോഗം നടന്നു വരുന്നു. കടപ്പുറത്ത് കൂടിയ യോഗം സ്മരണാഞ്ജലി വിലയിരുത്തി. പോരായ്മകൾ പലതും ഉണ്ടെങ്കിലും തിരുത്തി പോകുവാനായിരുന്നു തീരുമാനം. ദർശനത്തിന് യാത്രകൾ ഒന്നും നടത്താൻ ഇപ്പോൾ സാധിക്കുന്നില്ല. തിരക്കിന് മുൻപ് എരുമേലി വഴി പമ്പയ്ക്ക് ഒന്ന് നടക്കണമെന്നുണ്ട് തീയതി നിശ്ചയിച്ചിട്ടില്ല. കഴിഞ്ഞലക്കം ദർശനത്തിൽ വന്ന യൂറോപ്പിന്റെ മനോഹാരിത തുടർന്ന് വായിക്കണം എന്നുള്ളവർ 6238040846 എന്ന ലതയുടെ നമ്പരിൽ അറിയിക്കുക.

## 8. മടിശ്ശീല–സ്മരണാഞ്ജലിയിലെ ജൈവാർച്ചനകൾ

കെ.കെ. പവിത്രൻ കൊല്ലം, അജിത് കൃഷ്ണൻ കണ്ണൂർ, വേണു തുരുത്തേൽ കഞ്ഞിപ്പാടം, യു.എം. കബീർ, സജീവ് അനയടി തുടങ്ങിയവർ 200/– രൂപവീതവും മുഹമ്മദ് അലി, സണ്ണി വർഗ്ഗീസ് എന്നിവർ 300/– രൂപ വീതവും പ്രൊഫ. രമേശ്, ഫാസിൽസാർ, ശ്രീകുമാർ ഹരിപ്പാട്, ശ്രീകുമാരിചേച്ചി, യു. അജിത്കുമാർ, രാധാദേവി കാക്കാഴം, വിജയനാഥ് തുറവൂർ, സീതാദേവി ഗാന്ധിസ്മാരകം, കുരുവിള തോമസ്, ലാൽതോമസ്, രാജലക്ഷ്മി ചേച്ചി, ബോസ് ചേട്ടൻ, സനൽകുമാർ ശ്രേയസ്സ്, സതീഷ്ചന്ദ്രൻ, കമലമ്മ സാർ കക്കാഴം, ഗോപകുമാർ സായ്കൃഷ്ണ, പ്രഭാനാരായണൻ, സരോജിനി കൃഷ്ണൻ, തങ്കമ്മ മുണ്ടപ്പള്ളി തുടങ്ങിയവർ 500/– രൂപവീതവും ഡോ. വേണുഗോപാൽ നീർക്കുന്നം, സനൽകുമാർ, ജോബി എടത്വ, ബാലചേട്ടൻ പഴവീട്, ഗീതാസാരസാക്ഷൻ തുടങ്ങിയവർ 1000/– രൂപവീതവും ഡോ. പത്മകുമാർ, കമാൽ എം. മാക്കിയിൽ, ഡോ. എൻ.എൻ പണിക്കർ തുടങ്ങിയവർ 2000/– രൂപ വീതവും മടിശ്ശീലയിലേയ്ക്ക് എത്തിച്ചു തന്നിട്ടുണ്ട്. എന്നിട്ടോ? മടി – ശീലമാക്കി . അത്രതന്നെ. സ്മരണാഞ്ജലിയുടെ ചെലവുകളും പത്രവും കലണ്ടറും മടിശ്ശീല കൊണ്ട് നിർവ്വഹിക്കുന്നു. ഒന്നിനും ഒരു കണക്കും ഇവിടെ ഇല്ല. എല്ലാവർക്കും ആയുരാരോഗ്യസൗഖ്യം നേർന്നു കൊണ്ട് ദർശനം. ജയ്ജഗത്...

സത്യം അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

## നീർക്കുന്നം കടപ്പുറത്ത് മാനുഷിക ധ്യാനം

## ഡിസംബർ 29

31-ാം തീയതി ചൊവ്വാഴ്ചയായതിനാൽ കടപ്പുറം മാനുഷിക ധ്യാനം ഈ വർഷം 29 ഞായറാഴ്ച നടത്തുവാൻ തീരുമാനിച്ചു. വൈകിട്ട് 5 മണിക്ക് നീർക്കുന്നത്ത് ധന്യയിൽ യോഗം ചേർന്ന് കടപ്പുറത്തേയ്ക്ക് നടക്കാം. പഠനവും ധ്യാനവും കഴിഞ്ഞ് ധന്യയിലെത്തി ഭക്ഷണം കഴിച്ച ശേഷം പിരിയാം. സകുടുംബം സ്വാഗതം പങ്കെടുക്കുന്നവർ ഒന്നറിയിക്കുമല്ലോ. ആവശ്യവും അനാവശ്യവുമായ ചിന്തകൾ കൊണ്ട് നിറഞ്ഞിരിക്കുന്ന മനസ്സിന് ഒരു വിശ്രമം വേണം. ധ്യാനത്തിലൂടെ മാത്രമാണ് മനസ്സിന് വിശ്രാന്തി ലഭിക്കുന്നത്. അതോടെ മനസ്സ് കൂടുതൽ കരുത്താർജ്ജിച്ച് ശുദ്ധമാകുന്നു. മനസ്സ് സുന്ദരമായാൽ ലോകവും സുന്ദരമാകും.

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306